

# സത്യത്തിനും നീതിക്കും വേി നിലകൊള്ളുക: പി. മുജീബുർറഹ്മാൻ

**കുവൈത്ത് സിറ്റി:** വാക്കു കൊണ്ടും കർമം കൊണ്ടും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന വിശ്വാസികളാണ് വ്രതാനുഷ്ഠാനത്തിലൂടെ ഉണ്ടായിത്തീരേണ്ടതെന്ന് കേരള ജമാഅത്തെ ഇസ്‌ലാമി ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ പറഞ്ഞു. കെ.ഐ.ജി കുവൈത്ത് ഖൈത്താനിൽ സംഘടിപ്പിച്ച ഇഫ്ത്വാർ സമ്മേളനത്തിൽ സത്യത്തിന് സാക്ഷികളാവുക എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ആരാധനകളും ആത്മീയതയും മനുഷ്യനെ ഉറക്കിക്കിടത്താനുള്ളതല്ല. ആത്മീയതയിലൂടെ നേടിയെടുക്കുന്ന കരുത്ത് കൊണ്ട് സമൂഹത്തെ സംസ്കരിക്കാൻ നമുക്ക് സാധിക്കണം. തിന്മ കൊടികുത്തിവാഴുമ്പോൾ അധാർമികതക്കെതിരെ പൊരുതിയില്ലെങ്കിൽ ദൈവത്തിന്റെ മുമ്പിൽ നാം മറുപടി പറയേണ്ടിവരും. ഇസ്‌ലാമിനെ ലോകം അറിയുന്നില്ല എന്നതല്ല പ്രശ്നം, ഇസ്‌ലാമിനെ ലോകം തെറ്റായി അറിയുന്നുവെന്നതാണ്. പ്രവാചക ധാരയിൽനിന്നുകൊണ്ട് യഥാർഥ ഇസ്‌ലാമിന്റെ സാക്ഷികളാകാൻ എല്ലാവരും തയാറാകണമെന്നും അദ്ദേഹം പറഞ്ഞു.

റമദാൻ വിശ്വാസിയുടെ ഊർജസ്രോതസ് എന്ന വിഷയത്തെ അധികരിച്ച് വി.പി ഷൗക്കത്തലി പ്രഭാഷണം നടത്തി. മനുഷ്യനെ മനുഷ്യന്റെ അടിമത്വത്തിൽനിന്ന് മോചിപ്പിച്ച് ദൈവത്തിന്റെ അടിമത്വത്തിലേക്ക് വഴി നടത്തിയവരാണ് പ്രവാചകന്മാരെന്നും ചരിത്രത്തിന്റെ ഗതിയെ മാറ്റിമറിക്കാൻ വിശ്വാസത്തിന്റെ കരുത്ത് കൊണ്ട് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. *തൂബൂഇലല്ലാഹ്* എന്ന വിഷയം കെ.എം അശ്റഫ് അവതരിപ്പിച്ചു. പിശാചുക്കളേക്കാൾ മോശമാകാനും മാലാഖമാരേക്കാൾ വിശുദ്ധരാകാനും മനുഷ്യന് സാധിക്കും. തെറ്റ് കൊണ്ട് മൂടിയ ജീവിതത്തെ ശുദ്ധീകരിക്കാനുള്ള അവസരമായി റമദാനിനെ കാണണമെന്ന് അദ്ദേഹം പറഞ്ഞു. കെ.ഐ.ജി പ്രസിഡന്റ് സക്കീർ ഹുസൈൻ തുവ്വൂർ അധ്യക്ഷത വഹിച്ചു. ബൈത്തുസക്കാത്ത് കേരളയെ കുറിച്ചു മൾട്ടിമീഡിയ പ്രസന്റേഷൻ ഖലീലുർറഹ്മാൻ അവതരിപ്പിച്ചു. ആമിർ നിയാസിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച പരിപാടിയിൽ കെ.ഐ.ജി ജനറൽ സെക്രട്ടറി അൻവർ സഈദ് സ്വാഗതം പറഞ്ഞു.

# ഐ.എം സലീമിന് കെ.ഐ.ജി യാത്രയയപ്പ് നൽകി

**മനാമ:** ബഹ്റൈനിലെ 40 വർഷത്തെ പ്രവാസത്തിന് ശേഷം നാട്ടിലേക്ക് തിരിക്കുന്ന ഐ.എം സലീമിന് കെ.ഐ.ജി കേന്ദ്രകമ്മിറ്റി യാത്രയയപ്പ് നൽകി. ബഹ്റൈനിലെ പ്രവാസ ജീവിതത്തിന്റെ തുടക്കം മുതൽ കെ.ഐ.ജിയുമായി ബന്ധപ്പെട്ടായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. സംഘടനയുടെ പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ട്രഷറർ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തന രംഗത്ത് സജീവമായിരുന്നുവെന്ന് പരിപാടിയിൽ സംസാരിച്ച അഹ്മദ് റഫീഖ് വ്യക്തമാക്കി. മറ്റുള്ളവർക്ക് മാതൃകയാക്കാനാവുന്ന സദ്ഗുണങ്ങൾ സമ്മേളിച്ച അദ്ദേഹത്തിൽനിന്ന് പുതുതലമുറ പാഠമുൾക്കൊള്ളണമെന്ന് ടി.ടി മൊയ്തീൻ പറഞ്ഞു. കെ.ഐ.ജി ഗഫൂൾ ഓഡിറ്റോറിയത്തിൽ പ്രസിഡന്റ് സഈദ് റമദാൻ നദ്‌വിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി.എ സുലൈമാൻ, മുസ്ത്വഫ, അബ്ദുൽ ഖാദർ, എം. അബ്ബാസ്, അബ്ദുറഹ്മാൻ വൈക്കിലശ്ശേരി, എ.എം ഷാനവാസ്, ജമീല ഇബ്റാഹിം എന്നിവർ ആശംസകൾ നേർന്നു. ജന. സെക്രട്ടറി സി. ഖാലിദ് സ്വാഗതം ആശംസിച്ചു. വൈസ് പ്രസിഡന്റ് ജമാൽ നദ്‌വി സമാപനം നിർവഹിച്ചു. കെ.ഐ.ജി ഉപഹാരം പ്രസിഡന്റ് ഐ.എം സലീമിന് കൈമാറി.



*ഐ.എം സലീമിന് കെ.ഐ.ജി പ്രസിഡന്റ് സഈദ് റമദാൻ നദ്‌വി ഉപഹാരം നൽകുന്നു.*

# റമദാൻ: ജീർണതകൾക്കെതിരിലുള്ള പടയൊരുക്കം



*തനിമ കലാസാംസ്കാരികവേദി മദീനയിൽ സംഘടിപ്പിച്ച 'അഹ്‌ലൻ റമദാൻ' പരിപാടിയിൽ ജഅ്ഫർ എളമ്പിലാക്കോട് സംസാരിക്കുന്നു.*

**മദീന:** ആധുനിക ലോകത്ത് മനുഷ്യൻ നേരിട്ടുകൊണ്ടിരിക്കുന്ന ലൈംഗികവും സാമ്പത്തികവുമായ മുഴുവൻ ജീർണതകളെയും പ്രതിരോധിക്കാനുള്ള പടയൊരുക്കമാണ് റമദാനെന്ന് ജഅ്ഫർ എളമ്പിലാക്കോട് അഭിപ്രായപ്പെട്ടു. മദീന തനിമ കലാസാംസ്കാരികവേദി ദാർഹിറ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'അഹ്‌ലൻ റമദാൻ' പരിപാടിയിൽ മുഖ്യപ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആർത്തിയും അശ്ലീലതയുമാണ് പുതിയ കാലത്തെ മുഴുവൻ തെറ്റുകുറ്റങ്ങൾക്കും കാരണമാകുന്നത്. അനർഹമായത് നേടിയെടുക്കാനും അരുതാത്തത് പ്രവർത്തിക്കാനും വ്യക്തിയെ പ്രേരിപ്പിക്കുന്നത് ഇവയാണ്. തിന്മയുടെ ഈ അച്ചുതണ്ടുകളെ ദീർഘമായ ഒരു മാസക്കാലം കഠിന വ്രതത്തിലൂടെ ബന്ധിച്ചു നിർത്തുകയാണ് റമദാൻ ചെയ്യുന്നത്.

യോഗത്തിൽ അബ്ദുറശീദ് എടയൂർ കവിതയാലപിച്ചു. ഹിദായത്ത് ഖിറാഅത്ത് നടത്തി. ഹംസ പയ്യോളി നന്ദി പറഞ്ഞു.

# മനസ്സുകൾ നിർമലമാക്കുക: മൂസ സുല്ലമി

**മനാമ:** മനസ്സുകൾ കളങ്കങ്ങളിൽനിന്ന് മുക്തമാക്കി ഖുർആനിലേക്ക് തിരിച്ചു വെക്കണമെന്ന് അൽഅൻസാർ സെന്റർ മുൻ പ്രസിഡന്റും പണ്ഡിതനുമായ മൂസ സുല്ലമി പറഞ്ഞു. കെ.ഐ.ജി മനാമ ഏരിയ 'തദ്കീറു റമദാൻ' പ്രഭാഷണ പരിപാടിയിൽ റമദാനും ഖുർആനും എന്ന വിഷയം അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏത് വിഷയത്തിൽ അഭിപ്രായാന്തരങ്ങളുണ്ടായാലും ഖുർആനിലേക്ക് മടങ്ങണമെന്നാണ് ഖുർആന്റെ ശാസന. എല്ലാവിധ ദുരഹങ്കാരങ്ങളിൽനിന്നും പൈശാചികതയിൽനിന്നും മനസ്സിനെ വിമോചിപ്പിച്ച് ഖുർആന്റെ ശാദ്വല തീരത്തേക്ക് അടുപ്പിച്ച് നിർത്താൻ റമദാനിൽ വിശ്വാസികൾ തയാറാകണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. 'ആത്മസംസ്കരണത്തിന്റെ റമദാൻ' എന്ന വിഷയം കെ.ഐ.ജി പ്രസിഡന്റ് സഈദ് റമദാൻ നദ്‌വി അവതരിപ്പിച്ചു. മനാമ ദാറുൽ ഈമാൻ ഓഡിറ്റോറിയത്തിൽ നടത്തിയ പ്രഭാഷണ പരിപാടിയിൽ മനാമ ഏരിയ ഓർഗനൈസർ എം. അബ്ബാസ് അധ്യക്ഷത വഹിച്ചു. ജാസിർ സ്വാഗതവും എം.എം ജുബൈർ സമാപനവും നിർവഹിച്ചു.

# മാധ്യമ പ്രവർത്തകർക്കായി എഫ്.സി.സി ഇഫ്താർ

**ദോഹ:** ഖത്തറിലെ വിവിധ മാധ്യമ സ്ഥാപനങ്ങളിലെ മാധ്യമ പ്രവർത്തകർക്കായി ഫ്രണ്ട്സ് കൾച്ചറൽ സെന്റർ ഇഫ്താർ സംഘടിപ്പിച്ചു. വ്രതാനുഷ്ഠാനം മനുഷ്യരിൽ സന്മനോഭാവങ്ങളെ ഉദ്ദീപിപ്പിക്കുമെന്നും ഭൂമിയിൽ സമാധാനപരമായ ജീവിതം സാധ്യമാക്കുമെന്നും റമദാൻ സന്ദേശം നൽകിയ താജ് ആലുവ പറഞ്ഞു.

എഫ്.സി.സി എക്സിക്യൂട്ടീവ് ഡയറക്ടർ ഹബീബുർറഹ്മാൻ കിഴിശ്ശേരി സ്വാഗതം പറഞ്ഞു. കൈരളി ബ്യൂറോ ചീഫ് പി.ആർ ബാബുരാജ് ആശംസകളർപ്പിച്ചു.

